*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെ കാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം, ഹൗസിങ് ബോർഡ്*
*ബിൽഡിംഗ്, തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE_HSE/2023** **14/08/2023**

# പത്രക്കുറിപ്പ്

**വിഷയം : പ്ലസ്‌വൺ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ 2023 ആഗസ്റ്റ് 16,17 തീയതികളിൽ**

നിലവിലുള്ള ഒഴിവുകളിൽ ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി അപേക്ഷിക്കാനുള്ള അവസരം **2023 ആഗസ്റ്റ് 11 ന് വൈകിട്ട് 4 മണി** വരെ നൽകിയിരുന്നു. ഇത്തരത്തിൽ ആകെ ലഭ്യമായ 24637 അപേക്ഷകളിൽ കൺഫർമേഷൻ പൂർത്തിയാക്കിയ 24247 അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള **ട്രാൻസ്ഫർ അലോട്ട്മെൻറ് റിസൾട്ട് 2023 ആഗസ്റ്റ് 16 ന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകും വിധം പ്രസിദ്ധീകരിക്കുന്നതാണ്. ക്യാൻഡിഡേറ്റ് ലോഗിനിലെ** **"TRANSFER ALLOT RESULTS"** എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാനുള്ള സൗകര്യം അതത് സ്കൂൾ പ്രിൻസിപ്പൾമാർ ചെയ്ത് കൊടുക്കേണ്ടതും ട്രാൻസ്ഫർ അലോട്ട്മെൻറ് ലെറ്റർ പ്രിൻറൗട്ട് എടുത്ത് നൽകേണ്ടതുമാണ്. അതേ സ്കൂളിൽ കോമ്പിനേഷൻ മാറ്റം ലഭിച്ചാലും പുതിയ അലോട്ട്മെൻറ് ലെറ്റർ പ്രകാരം പ്രവേശനം മാറ്റി കൊടുക്കേണ്ടതാണ്. യോഗ്യതസർട്ടിഫിക്കറ്റ്, റ്റി.സി, സ്വഭാവ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധരേഖകൾ എന്നിവയുടെ അസ്സലുകളുമായി അലോട്ട്മെൻറ് ലഭിച്ച സ്കൂൾ/കോഴ്സിൽ **2023 ആഗസ്റ്റ് 16 ന് രാവിലെ 10 മണി മുതൽ ആഗസ്റ്റ് 17 ന് വൈകിട്ട് 4 മണിക്കുള്ളിൽ** പ്രവേശനം നേടേണ്ടതാണ്.

**ജോയിൻറ് ഡയറക്ടർ(അക്കാദമിക്)**